പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.5171 | 27/06/2019 ൽ മറുപടി നല്കേണ്ടത്. |
|---|---|

## ഗുണനിലവാരമില്ലാത്ത ആഹാര സാധനങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ. ദാസൻ**<br>**,, കെ.ജെ. മാക്സി**<br>**,, എം. മുകേഷ്**<br>**,, കെ. ആൻസലൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | ഗുണനിലവാരമില്ലാത്തതോ പഴകിയതോ മായം കലർന്നതോ ആയ ആഹാര സാധനങ്ങൾ വിൽക്കുന്നവെന്ന് ഭക്ഷ്യസുരക്ഷാവകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തുന്ന ഹോട്ടലുകൾക്കെതിരെ എന്തെല്ലാം നിയമനടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | എ) | ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ നിശ്ചിത ഇടവേളകളിൽ ഹോട്ടലുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും പരിശോധനയിൽ ഗുണനിലവാരമില്ലാത്തതോ പഴകിയതോ ആയ ഭക്ഷണ പദാർത്ഥങ്ങൾ വിൽക്കുന്നതായി ശ്രദ്ധയിൽപെട്ടാൽ ടി സ്ഥാപനങ്ങൾക്കെതിരെ 2006 ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം അനുസരിച്ചുള്ള നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ ശുചിത്വമില്ലാതെയും ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും തുടർ പരിശോധനയിൽ മാനദണ്ഡങ്ങൾ പാലിക്കുന്നതായി ഉറപ്പ് വരുത്തുകയും മാനദണ്ഡങ്ങൾ പാലിക്കാത്ത സ്ഥാപനത്തിന്റെ FSSAI ലൈസൻസ്/ രജിസ്ട്രേഷൻ താല്കാലികമായി suspend ചെയ്യുകയും ചെയ്യുന്നുണ്ട്. |
| ബി) | ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്കെല്ലാം രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ഉണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് | ബി) | 2006-ൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമവും 2011-ൽ ഭക്ഷ്യ സുരക്ഷാ റൂൾസും അനുബന്ധ റഗുലേഷനുകളും നിലവിൽ വരികയുണ്ടായി. ഇതിൽ ഭക്ഷ്യ സുരക്ഷാ (ലൈസൻസിംഗ് & രജിസ്ട്രേഷൻ) 2011 പ്രകാരമാണ് ഭക്ഷ്യപദാർത്ഥങ്ങളുടെ ഉത്പാദനത്തിലും വിത |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുള്ളത്; | | രണത്തിലും, സംഭരണത്തിലും, പാക്കിംഗിലും, വില്പനയിലും ഏർപ്പെട്ടിരിക്കുന്നവർക്ക് ലൈസൻസും, ചെറുകിട വ്യാപാരികൾക്ക് രജിസ്ട്രേഷനും നൽകുന്നത്. ടി നിയമപ്രകാരം സംസ്ഥാനത്തെ ഭക്ഷ്യ വസ്തുക്കളുടെ നിർമ്മാണം, സംഭരണം, വിതരണം, വിൽപ്പന തുടങ്ങിയ എല്ലാ മേഖലകളിലുമുള്ള ഭക്ഷ്യ സംരഭകരെ രജിസ്ട്രേഷൻ/ ലൈസൻസ് പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇത് സമ്പൂർണ്ണമാക്കാനും ഈ നിയമം അനുശാസിക്കുന്ന പ്രകാരം പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും ഭക്ഷ്യ സുരക്ഷാ വകുപ്പ് എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. അതിന്റെ ഭാഗമായി ഇൻഡ്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ നേടിയ ജില്ലയായി കൊല്ലം ജില്ലയെ 2018-ൽ പ്രഖ്യാപിക്കുകയുണ്ടായി. സംസ്ഥാനത്തെ മറ്റെല്ലാ ജില്ലകളും സമ്പൂർണ്ണ ലൈസൻസ്/ രജിസ്ട്രേഷൻ നേടുന്ന ജില്ലകളായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടന്നുവരുന്നതിന്റെ ഭാഗമായി ലൈസൻസ്/ രജിസ്ട്രേഷൻ മേളകൾ നടന്നുവരുന്നു. കൂടാതെ ഫുഡ് ബിസിനസ് സ്ഥാപനങ്ങളുടെ അടിസ്ഥാന വിവരശേഖ രണം നടത്തി രജിസ്ട്രേഷൻ/ ലൈസൻസ് ഇല്ലാത്തവർക്ക് നോട്ടീസ് നൽകി രജിസ്ട്രേഷൻ/ ലൈസൻസ് നൽകിവരുന്നു. |
| സി) | ലൈസൻസും രജിസ്ട്രേഷനും നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | സി) | വർഷത്തിൽ 12,00,000/- രൂപയിൽ താഴെ വിറ്റുവരവുള്ളവർ രജിസ്ട്രേഷനും, അതിന് മുകളിൽ വിറ്റുവരവുള്ളവർ ഭക്ഷ്യസുരക്ഷാ ലൈസൻസും എടുക്കേണ്ട താണ്.<br>ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള രജിസ്ട്രേഷൻ ലഭിക്കുന്നതിന് അപേക്ഷകന്റെ ഫോട്ടോ, അഡ്രസ് പ്രൂഫ്, തിരിച്ചറിയൽ രേഖ എന്നിവ സമർപ്പിക്കേണ്ടതാണ്.<br>ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള ലൈസൻസ് ലഭിക്കുന്നതിന് അപേക്ഷകന്റെ ഫോട്ടോ, അഡ്രസ് പ്രൂഫ്, തിരിച്ചറിയൽ രേഖ, |

| | | | |
|---|---|---|---|
| | | | ഫോം-ബി, ഭക്ഷ്യപദാർത്ഥത്തിന്റെ തരം, ഭക്ഷ്യപദാർത്ഥത്തിന്റെ അനാലിസിസ് റിപ്പോർട്ട്, ഭക്ഷ്യപദാർത്ഥത്തിന്റെ ഉറവിടം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി., ഉപയോഗിക്കുന്ന വെള്ളം ടെസ്റ്റ് ചെയ്തതിന്റെ റിപ്പോർട്ട്, തൊഴിലാളികളുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് തുടങ്ങിയവ സമർപ്പിക്കേണ്ടതാണ്. |
| ഡി) | പരിശോധനകളിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് പ്രവർത്തനം നിർത്തിവയ്പിക്കുന്ന സ്ഥാപനങ്ങൾ വീണ്ടും തുറന്ന് പ്രവർത്തിക്കുന്നതിന് അനുമതി നൽകുന്നതിനുമുമ്പ്, ഭക്ഷ്യസുരക്ഷാവകുപ്പിന്റെ എല്ലാ നിർദ്ദേശങ്ങളും ഗുണനിലവാര മാനദണ്ഡങ്ങളും പാലിക്കുന്നു എന്ന് ഉറപ്പ് വരുത്താനും അല്ലാത്ത പക്ഷം ലൈസൻസ്, രജിസ്ട്രേഷൻഎന്നിവ സ്ഥിരമായി റദ്ദ് ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ? | ഡി) | ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം നിർത്തി വയ്പിക്കുന്ന സ്ഥാപനങ്ങൾ വീണ്ടും തുറന്ന് പ്രവർത്തിക്കുന്നതിന് അനുമതി നൽകുന്നതിനുമുൻപ്, ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ എല്ലാ നിർദ്ദേശങ്ങളും ഗുണനിലവാര മാനദണ്ഡങ്ങളും പാലിക്കുന്നു എന്ന് ഉറപ്പ് വരുത്താനും അല്ലാത്ത പക്ഷം നിയമാനുസൃതം നോട്ടീസ് നൽകി വിശദീകരണം കേട്ടതിനു ശേഷം ആവശ്യമെങ്കിൽ ലൈസൻസ്/രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ